(ഡി) കാഷ്വാലിറ്റിയിൽ നഴ്സുമാരുടെ കുറവ് ഇല്ല. ഒരു സ്റ്റാഫ് നഴ്സും ഒരു നഴ്സിംഗ് അസിസ്റ്റന്റും ഓരോ ഷിഫ്റ്റിലും ജോലി ചെയ്യുന്നുണ്ട്. കാഷ്വാലിറ്റി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

(ഇ) രോഗികളുടെ എണ്ണം കൂടുന്ന അവസരങ്ങളിൽ രോഗികൾക്ക് കുത്തിവയ്പ്പിനായി കാത്തിരിക്കേണ്ടി വരാറുണ്ട്. കാത്തിരിക്കുന്ന താമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്&ജി) ഉണ്ട്. ബഹുഭൂരിപക്ഷം ജീവനക്കാരും രോഗികളോട് സ്നേഹത്തോടും കാരുണ്യത്തോടുമാണ് പെരുമാറുന്നത്. എന്നാൽ അത്യപൂർവ്വമായി ചില ജീവനക്കാർ ഈ പെരുമാറ്റ മഹിമ പ്രകടിപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കൂടുതൽ നന്നായി പെരുമാറുന്നതിനുള്ള പരിശീലനം നല്കുന്നുണ്ട്. നഴ്സിംഗ് സ്റ്റാഫിന് നിലവിൽ രോഗികളോട് നല്ല നിലയിൽ പെരുമാറുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. സെക്യൂരിറ്റി ജീവനക്കാർക്കായി പബ്ലിക് റിലേഷൻസ് ഓഫീസറുടെയും സർജന്റിന്റേയും നേതൃത്വത്തിൽ പരിശീലനം നല്കുന്നുണ്ട്.

(എച്ച്) രോഗികൾക്ക് എല്ലാ മരുന്നുകളും ആർ.സി.സി.-യിൽ നിന്നും തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്റർ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതികൾ

8 (4876) ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സി. എച്ച് കുഞ്ഞമ്പു :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും മലബാർ ക്യാൻസർ സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററിന്റെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(സി) ആശുപത്രിയിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ വർഷം എന്തെല്ലാം വികസന പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES.Kerala Legislative Assembly

ഉത്തരം

(എ) ക്യാൻസർ രോഗ നിർണ്ണയത്തിനും, ചികിത്സയ്ക്കുമുള്ള ആധുനിക സൗകര്യങ്ങൾ മലബാർ ക്യാൻസർ സെന്ററിൽ ലഭ്യമാണ്.

എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നീ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ റേഡിയേഷൻ വിഭാഗം, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബയോകെമിക്കൽ ക്ളിനിക്കൽ ലബോറട്ടറി സൈറ്റോളജി വിഭാഗം, സി.ടി. സിമുലേഷനോടു കൂടിയ അത്യാധുനിക സി.ടി.സ്കാനർ, 500 എം.എ. എക്സ്റേ മെഷീനും, അൾട്രാസൗണ്ട് സ്കാനർ, മാമോഗ്രാഫി അടങ്ങിയ ഇമേജിയോളജി വിഭാഗം, കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ധാരാളം ക്യാൻസർ ബോധ വത്കരണ ക്ളാസ്സുകളും പ്രാരംഭ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും നടത്തി വരുന്നു. ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട്പേഷ്യന്റ് വിഭാഗം, എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ യ്ക്കുള്ള ആധുനിക സജ്ജീകരണങ്ങൾ, കംപോണന്റ് സെപ്പറേഷൻ സൗകര്യ മുള്ള ബ്ലഡ്ബാങ്ക്, ഡേ കീമോതെറാപ്പി വിഭാഗം, പാലിയേറ്റീവ് കെയർ വിഭാഗം എന്നീ സൗകര്യങ്ങൾ നിലവിൽ എം.സി.സി.യിലുണ്ട്.

(ബി) മലബാർ ക്യാൻസർ സെന്ററിനെ റിജിയണൽ ക്യാൻസർ സെന്റർ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി 5 നിലകളുള്ള ഒരു ഇൻപേഷ്യന്റ് കെട്ടിടം, ലിനിയർ ആക്സിലറേറ്റർ, ആവശ്യമായ ജീവനക്കാർ, രോഗ നിർണ്ണയ ചികിത്സാ വിഭാഗങ്ങൾ എന്നിവ സജ്ജീകരിക്കു ന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നിലവിലുള്ള ആവശ്യങ്ങൾക്കായി മലബാർ ക്യാൻസർ സെന്ററി ലുള്ള കിണറിൽ നിന്നുള്ള ജലമാണ് ഉപയോഗിക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്താൽ അത് പര്യാപ്തമാവില്ല. ആയതി നാൽ തലശ്ശേരി മോറക്കുന്ന് എന്ന സ്ഥലത്ത് നിന്ന് എം.സി.സി. യിലേക്ക് ഒരു പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) 10 കോടിയോളം രൂപ വിലവരുന്ന റേഡിയേഷൻ ചികിത്സയ്ക്കാ വശ്യമായ ലീനിയർ ആക്സിലറേറ്റർ വാങ്ങാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത മെഷീൻ സ്ഥാപിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് ബ്ളോക്കി ന്റെയും, 150 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ ഇൻപേഷ്യന്റ് ബ്ളോക്കിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ ഈ വർഷത്തെ പദ്ധതി വിഹിതമായ 4 കോടി രൂപ വിനിയോഗിച്ചുകൊണ്ട് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

ഡീസൽ ജനറേറ്റർ

മെഡിക്കൽ ലൈബ്രറിയിലേക്കാവശ്യമായ ബുക്കുകളും ജേർണലുകളും ഫർണിച്ചറുകളും കാന്റീൻ കെട്ടിടത്തിന്റെ പൂർത്തീകരണം.

ഡയറക്ടർ ക്വാർട്ടേഴ്സ്

ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തികൾ ഇ.ടി.പി. നവീകരണ പ്രവൃത്തികൾ

ക്യാൻസർ രോഗ ചികിത്സയ്ക്കായി നൽകുന്ന സഹായങ്ങൾ

9 (4878) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗനിർണ്ണയ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ക്യാൻസർ രോഗ ചികിത്സയ്ക്കായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്യാൻസർ നിയന്ത്രണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, അമല ക്യാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ്, സർക്കാരേതര സംഘടനകൾ എന്നിവരുമായി ജില്ലകളിൽ ക്യാൻസർ നിർണ്ണയത്തിനും തുടർ ചികിത്സയ്ക്കും സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. വിശദമായ ചർച്ചകൾക്കുശേഷമേ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും എം.സി.സി. -യുടെ സഹകരണത്തോടെ ക്യാൻസർ വാർഡ് തുടങ്ങാനുള്ള ഒരു പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിലുള്ള ക്യാൻസർ സുരക്ഷാപദ്ധതി, രാഷ്ട്രീയ ആരോഗ്യ നിധി, നിർദ്ധന രോഗികൾക്ക് പ്രതിമാസം 300 രൂപ പെൻഷൻ, Medical Assistance to the poor എന്ന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രധാനമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം, പട്ടികവർഗ്ഗക്കാർക്ക് സൗജന്യചികിത്സ, ക്യാൻസർ രോഗികൾക്ക് റെയിൽവേ കൺസഷൻ നിരക്കിൽ യാത്ര തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly